"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വിനോദസഞ്ചാര വകുപ്പ്-2025-ലെ 49-ാമത് വയലാർ സാഹിത്യ സമർപ്പണ ചടങ്ങ്- സ്പോൺസർഷിപ്പ്- അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.157/2026/TSM തീയതി,തിരുവനന്തപുരം, 07-03-2026

---

പരാമർശം:-
1. വയലാർ രാമവർമ്മ മെമ്മോറിയൽ ട്രസ്റ്റ് സെക്രട്ടറി സമർപ്പിച്ച 10.10.2025 തീയതിയിലെ അപേക്ഷ.
2. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 09.02.2026, തീയതിയിലെ DOT/3776/2025-M1 നം കത്ത്.

**<u>ഉത്തരവ്</u>**

49-ാമത് വയലാർ സാഹിത്യ സമർപ്പണ ചടങ്ങിനു സ്പോൺസർഷിപ്പ് ഇനത്തിൽ ധനസഹായം അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വയലാർ രാമവർമ്മ മെമ്മോറിയൽ ട്രസ്റ്റ് സെക്രട്ടറി പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ തലത്തിൽ ഉചിതമായ നടപടി സ്വീകരിക്കണമെന്ന് പരാമർശം (2) പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി.

2.സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 2025 ഒക്ടോബർ 27 നു തിരുവനന്തപുരത്ത് നിശാഗന്ധി ഓഡിറ്റോറിയത്തിൽ വച്ച് വലിയ ജനപങ്കാളിത്തത്തോടെ, വയലാർ രാമവർമ്മ മെമ്മോറിയൽ ട്രസ്റ്റ് സംഘടിപ്പിച്ച 49-ാമത് വയലാർ സാഹിത്യ അവാർഡ് സമർപ്പണ ചടങ്ങിന്, **3452-80-104-98-00-34-03-മാർക്കറ്റിംഗ് പ്ലാൻ** എന്ന ശീർഷകത്തിൽ നിന്നും **₹50,000/-** (അൻപതിനായിരം രൂപ മാത്രം) ധനസഹായം അനുവദിക്കുന്നതിന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

3, ധനസഹായമായി അനുവദിച്ച തുകയുടെ ഓഡിറ്റ് ചെയ്ത വിനിയോഗ സർട്ടിഫിക്കറ്റ്, തുക കൈപ്പറ്റിയ തീയതി മുതൽ മുന്നു മാസത്തിനകം വയലാർ രാമവർമ്മ മെമ്മോറിയൽ ട്രസ്റ്റ് സെക്രട്ടറി വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതും, ആയതിന്റെ ആധികാരികത വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദ സഞ്ചാര വകുപ്പ്, പാർക്ക് വ്യൂ തിരുവനന്തപുരം
വയലാർ രാമവർമ്മ മെമ്മോറിയൽ ട്രസ്റ്റ് സെക്രട്ടറി വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ, മുഖേന
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് 1 / ഓഡിറ്റ് II ) കേരള, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം സബ് ട്രഷറി, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Archana T**
**Date: 07-03-2026 16:04:09**
സെക്ഷൻ ഓഫീസർ

പകർപ്പ്:
1.ബഹു.വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
2.വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ സി.എയ്ക്ക്
3.വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്